പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6645

09.11.2016-ൽ
മറുപടിയ്ക്ക്

## ഇറച്ചിക്കോഴി കർഷകർ

ചോദ്യം
ശ്രീ.പി.ടി.എ.റഹീം:

ഉത്തരം
ഡോ.ടി.എം.തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്ന് നികുതിവെട്ടിച്ച് കൊണ്ടുവരുന്ന കോഴി വിപണനം കാരണം സംസ്ഥാനത്തെ ഇറച്ചിക്കോഴി കർഷകർ പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ വിഷയം കേരള സംസ്ഥാനപൗൾട്രി വികസന കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ബി) | ഇറച്ചിക്കോഴി കർഷകരുടെ തൊഴിൽ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) | ഇറച്ചിക്കോഴി വളർത്തൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന കർഷകരുടെ തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനപൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകി നടപ്പാക്കുന്ന പദ്ധതിയാണ് "കെപ്കോ ഇന്റഗ്രേഷൻ കോഴിവളർത്തൽ പദ്ധതി."അതിന് പുറമെ ഈ കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡിംഗ്ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഇറച്ചിക്കോഴി കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു. |

-2-

| | | | |
|---|---|---|---|
| (സി) | കൃഷിക്കെന്നപോലെ ചെറുകിട കോഴി കർഷകർക്കും സബ്സിഡി ഏർപ്പെടുത്തുന്നതിനും, ടാക്സ് പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും, ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും, സബ്സിഡി നിരക്കിൽ കോഴിത്തീറ്റ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നികുതി വകുപ്പ് പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ